# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 3722** **26.06.2012 ൽ മറുപടിയ്ക്ക്**

## വായ്പ എടുക്കുന്ന വ്യക്തിയുടെ മരണവും തിരിച്ചടവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വായ്പ എടുത്ത വ്യക്തി വായ്പ തിരിച്ചടയ്ക്കുന്നതിന് മുൻപ് മരണപ്പെട്ടാൽ വായ്പ തിരിച്ചടവിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) 01.04.2008 മുതൽ പ്രാബല്യത്തിൽ വന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണ പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെ) ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാക്കാലാവധിയ്ക്കുള്ളിൽ മരണപ്പെട്ടാൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതൽ തുകയും അതിന്റെ പലിശയും ഒഴിവാക്കി നൽകുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുക്കുന്ന കൂട്ടായ വായ്പയാണെങ്കിലും അതിൽ ഒരു വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ മറ്റ് വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ച് തീർക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ സംഘം/ബാങ്കിന്റെ ഭരണ സമിതിയുടെ ശുപാർശയിന്മേൽ വായ്പക്കാരൻ മരണമടഞ്ഞ തീയതി മുതൽ ബാക്കി നിൽക്കുന്ന തുകയോ ആനുപാതികമായ തുകയോ റിസ്ക് ഫണ്ടിൽ നിന്നും നൽകുന്നതാണ്. |
| (ബി) ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭ്യമാകും; | (ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക |

ഗ്രാമ വികസന ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് മുതലായ വിവിധ വായ്പാ സഹകരണ സംഘങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതി ബാധകമാണ്. റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ സഹകരണ സംഘങ്ങൾ ടി പദ്ധതി അംഗമായി വായ്പക്കാരനിൽ നിന്നും നിശ്ചിത പ്രീമിയം ഈടാക്കി റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിന്റെ പേരിൽ അടയ്ക്കേണ്ടതുണ്ട്.

(സി) വിദ്യാഭ്യാസ വായ്പ എടുത്ത ഗൃഹനാഥനോ വിദ്യാർത്ഥിയോ മരണപ്പെട്ടാൽ സഹകരണ ബാങ്കുകൾ വായ്പ എഴുതിത്തള്ളുന്ന ഉത്തരവുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(സി) വിദ്യാഭ്യാസ വായ്പ നൽകുന്നത് വിദ്യാർത്ഥിയുടേയും രക്ഷിതാവിന്റേയും പേരിലാണ്. 01.04.2008 മുതൽ പ്രാബല്യത്തിൽ വന്ന റിസ്ക് ഫണ്ട് പദ്ധതി വിദ്യാഭ്യാസ വായ്പയ്ക്കും ബാധകമാണ്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒന്നിൽ കൂടുതൽ പേർ ചേർന്നെടുക്കുന്ന കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിലും അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ മറ്റ് വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ച് തീർക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ സംഘം/ബാങ്കിന്റെ ഭരണ സമിതിയുടെ ശുപാർശയിന്മേൽ വായ്പക്കാരൻ മരണ മടഞ്ഞ തീയതി മുതൽ ബാക്കി നിൽക്കുന്ന തുകയോ ആനുപാതികമായ തുകയോ റിസ്ക് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ടി വ്യവസ്ഥ അനുസരിച്ച് രക്ഷിതാവോ, വിദ്യാർത്ഥിയോ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് നിബന്ധനയ്ക്ക് ആനുസൃതമായ തുക റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതി തള്ളാൻ അർഹതയുണ്ട്.

സെക്ഷൻ ഓഫീസർ